പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1791 10.02.2020-ലെ മറുപടിക്ക്

# നെത്തല്ലൂർ കവലയിലെ അപകട സാധ്യത കുറയ്ക്കാൻ നടപടി

ചോദ്യം

ഡോ.എൻ. ജയരാജ്

മറുപടി

ശ്രീ. എ.കെ. ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കോട്ടയം - കോഴഞ്ചേരി സംസ്ഥാന പാത, ചങ്ങനാശേരി - വാഴൂർ റോഡുമായി ചേരുന്ന നെത്തല്ലൂർ കവലയിൽ ഉണ്ടാകുന്ന അപകടങ്ങൾ കുറയ്ക്കുന്നതിന് നാറ്റ്പാക് പഠനം നടത്തിയിട്ടുണ്ടോ; | (എ) | നെത്തല്ലൂർ കവലയിൽ നാറ്റ്പാക് റോഡ് സുരക്ഷാ പരിശോധന 2019 കാലയളവിൽ നടത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത റിപ്പോർട്ട് സർക്കാരിനോ പൊതുമരാമത്ത് വകുപ്പിനോ ലഭ്യമാക്കിയിട്ടുണ്ടോ; | (ബി) | റോഡ് സുരക്ഷാ പരിശോധന പഠന റിപ്പോർട്ടും വിശദമായ പഠനത്തിനുള്ള പ്രൊപ്പോസലും ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പിന് (റോഡുകളും നിരത്തുകളും) 13.06.2019 തീയതിയിലെ NATPAC/223/2019-JSC2(TSD) നമ്പർ കത്ത് മുഖേന നാറ്റ്പാക് സമർപ്പിച്ചിട്ടുണ്ട്. |
| (സി) | പഠനം നടത്തിയിട്ടില്ലായെങ്കിൽ അടിയന്തരമായി പഠനം നടത്താൻ നടപടി സ്വീകരിക്കാമോ? | (സി) | വിശദമായ പഠനം കൺസൾട്ടൻസി അടിസ്ഥാനത്തിൽ നടത്തുന്നതിന് പൊതുമരാമത്ത് വകുപ്പ് ആവശ്യപ്പെടുന്നപക്ഷം ആയതിന് സന്നദ്ധമാണെന്ന് നാറ്റ്പാക് അറിയിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**